സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

വാരണാസി സത്രം - ഗയയിലെ ദേവസ്വം വസ്തുവകകളുടെ സംരക്ഷണം - നോഡൽ ആഫീസർ ശ്രീ. റ്റി.എസ്. സുബ്രഹ്മണിയുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 3863/2000/Est-I　　　　നന്തൻകോട് 01/06/2018

---

പരാമർശം :- (1) 20-05-2014 ലെ മേൽ നമ്പർ ഉത്തരവ്.
(2) 06-07-2017 ലെ മേൽ നമ്പർ ഉത്തരവ്.
(3) 29-12-2017 ലെ മേൽ നമ്പർ ഉത്തരവ്.
(4) ശ്രീ. റ്റി.എസ്. സുബ്രഹ്മണിയുടെ 02-03-2018 ലെ അപേക്ഷ.
(5) ദേവസ്വം കമ്മീഷണറുടെ 15-05-2018 ലെ ROC 1057/09/Land നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വാരണാസിയിലും ഗയയിലുമുളള വസ്തുവകകൾ വീണ്ടെടുക്കുന്നതിനുളള നടപടികൾക്ക് ശ്രീ.റ്റി.എസ്. സുബ്രഹ്മണിയെ ആറ് മാസത്തെ കാലാവധി നിശ്ചയിച്ച് പ്രതിമാസം 10,000 (പതിനായിരം) രൂപ ഓണറേറിയം നൽകി നോഡൽ ആഫീസറായി നിയമിച്ചിരുന്നു(പരാമർശം- 1). ടിയാന്റെ ഹോണറേറിയം 10,000/- രൂപയിൽ നിന്നും 15,000/- രൂപയായി വർദ്ധിപ്പിച്ചു (പരാമർശം -2). തുടർന്ന് ആറ് മാസം കൂടുമ്പോൾ കാലാവധി ദീർഘിപ്പിച്ച് വന്നിരുന്നു. ടിയാന്റെ സേവന കാലയളവ് 27-03-2018 -ൽ അവസാനിച്ചതിനാൽ ആയത് ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റ്റി. എസ്. സുബ്രഹ്മണി അപേക്ഷ ഹാജരാക്കിയിട്ടുളളതിനാൽ ആയതിന്മേൽ ഉത്തരവ് ഉണ്ടാകണമെന്ന് വിവരിച്ചുളള ദേവസ്വം കമ്മീഷണറുടെ പരാമർശം 5 റിപ്പോർട്ട് ലഭിച്ചു.

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വാരണാസിയിലും ഗയയിലുമുളള വസ്തുവകകൾ വീണ്ടെടുക്കുന്നതിനുളള തുടർ നടപടികൾക്കായി ശ്രീ. റ്റി.എസ്. സുബ്രഹ്മണിയുടെ സേവന കാലയളവ് 28-03-2018 മുതൽ 6 മാസത്തേയ്ക്ക് കൂടി നിലവിലുളള വ്യവസ്ഥകൾ പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

ശ്രീ. റ്റി.എസ്. സുബ്രഹ്മണി,
T C 40/264,
പുത്തൻ സ്ട്രീറ്റ്, തിരുവനന്തപുരം.

(മറുപുറം)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. മാനേജർ, വാരണാസി സത്രം - ദേവസ്വം കമ്മീഷണർ മുഖാന്തിരം.
5. ഇ.ഡി.പി. സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK